(5) പരീക്ഷാർത്ഥികളുടെ എണ്ണം

ശ്രീമതി കെ. എസ്. സലീഖ: സർ, എസ്.എസ്.എൽ.സി. പരീക്ഷാ ഹാളിൽ പരീക്ഷാർത്ഥികളുടെ എണ്ണം വർദ്ധിപ്പിച്ചത് പുനഃപരിശോധിക്കണമെന്നാണ് എന്റെ സബ്മിഷനിലൂടെ ഞാൻ അവതരിപ്പിക്കുന്നത്. ഇത്തവണത്തെ എസ്.എസ്.എൽ.സി. പരീക്ഷ നടക്കുന്ന ഹാളിൽ നിലവിലുള്ള നടപടിക്രമങ്ങൾ ഒഴിവാക്കി 20 പേരെ ഒരു ഹാളിൽ ഇരുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. നിലവിൽ 16 വിദ്യാർത്ഥികളാണുള്ളത്. ഈ തീരുമാനം ഇൻവിജിലേറ്റർമാരുടെ എണ്ണം കുറയ്ക്കാൻ വേണ്ടി ചിലപ്പോൾ സാധിച്ചേക്കാം. പക്ഷേ വിദ്യാർത്ഥികൾക്ക് ഇത് പ്രയാസം സൃഷ്ടിക്കും. ക്ലാസ് മുറികളിൽ രണ്ട് ഡെസ്ക്കും ബഞ്ചും കൂടിയിടുമ്പോൾ ഇടുങ്ങിപ്പോകും. കുട്ടികളെ സംബന്ധിച്ച് നിലവിലുള്ള അവസ്ഥ തുടരുന്നതായിരിക്കും നല്ലത് എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. അങ്ങനെ ആണെങ്കിൽ നല്ല ഒരു അന്തരീക്ഷത്തിൽ കുട്ടികൾക്ക് പരീക്ഷയെഴുതുന്നതിനു വേണ്ടി സാധ്യമാകും. മാനസിക പിരിമുറുക്കമൊന്നും ഇല്ലാതെ പഠിച്ച കാര്യങ്ങൾ ഓർമ്മ വച്ച് എഴുതുന്നതിന് ഇത്തരം അന്തരീക്ഷമാണ് നല്ലത് എന്നുള്ളതു കൊണ്ട്, കുട്ടികളെ കുത്തി നിറയ്ക്കുന്നതിനുവേണ്ടി എടുത്തിട്ടുള്ള ഈ തീരുമാനം ഒഴിവാക്കിക്കൊണ്ട് ഇപ്പോൾ തുടർന്നു വരുന്ന പരീക്ഷാ സമ്പ്രദായം തന്നെ നിലനിർത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): സർ, എസ്.എസ്.എൽ.സി. പരീക്ഷാഹാളിൽ ഒരു മുറിയിൽ നാലെണ്ണം വീതം രണ്ട് നിരയായി എട്ട് ഡസ്ക്കും ബഞ്ചും വീതമാണ് ക്രമീകരിച്ചത്. 16 പരീക്ഷാർത്ഥികൾ ഒരു ഹാളിൽ ഇരിക്കുന്ന സംവിധാനമാണ് നിലവിൽ ഉണ്ടായിരുന്നത്. ഈ വർഷം മുതൽ എസ്.എസ്. എൽ.സി. പരീക്ഷയുടെ സമയത്ത് തന്നെ ടി.ടി.സി. പരീക്ഷയും നടത്തുന്നതാണ്. ഇതിലേക്കായി കൂടുതൽ ഹാൾ വേണ്ടിവരുന്നു. പല സ്കൂളുകളിലും ആവശ്യമായ സ്ഥല സൗകര്യം ലഭ്യമല്ല. ഈ സാഹചര്യത്തിലാണ് ഒരു നിരയിൽ 5 ഡസ്ക്കും ബഞ്ചും വീതമിട്ട് 20 പരീക്ഷാർത്ഥികളെ ഇരുത്താൻ തീരുമാനിച്ചത്. ഇപ്പോൾതന്നെ ഹയർസെക്കണ്ടറി പരീക്ഷ നടത്തുന്ന ഹാളിൽ ഒന്നും രണ്ടും വർഷ പരീക്ഷ ഒരേ സമയത്ത് വരികയാണെങ്കിൽ 30 കുട്ടികൾ പരീക്ഷയെഴുതുന്നുണ്ട്. സ്വസ്ഥമായി പരീക്ഷയെഴുതാനുള്ള അന്തരീക്ഷമാണ് പ്രധാനം. ഒരു ബഞ്ചിൽ മൂന്നിൽ കൂടുതൽ കുട്ടികൾ ഉണ്ടാകാനും പാടില്ല. നിലവിൽ രണ്ട് എസ്.എസ്.എൽ.സി. കുട്ടികൾ മാത്രമേ ഒരു ബഞ്ചിൽ ഉണ്ടാകുന്നുള്ളൂ. അതിനാൽ ക്ലാസ്സിൽ 20 പരീക്ഷാർത്ഥികൾ ഉണ്ടാകുന്നതുമൂലം പരീക്ഷാർത്ഥികൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല. മാത്രമല്ല പരീക്ഷാ നടത്തിപ്പിന്റെ സംഘാടനവും നടത്തിപ്പും മെച്ചപ്പെടുത്താനും കഴിയും.

LIBRARY ARCHIVES KERALA LEGISLATIVE ASSEMBLY